# ടവുകൾ

## 2025-26



**നാഷണൽ ഹൈസ്കൂൾ വള്ളംകുളം**

# എഡിറ്റോറിയൽ ബോർഡ്

| | |
|---|---|
| ദിലീപ് കുമാർ | പ്രഥമ അധ്യാപകൻ |
| കെ ജ്യോതിലക്ഷ്മി | സീനിയർ അസിസ്റ്റന്റ് |
| ആർ രമേഷ് ബാബു | സ്റ്റാഫ് സെക്രട്ടറി |
| പി ശ്രീജ | എസ് ഐ ടി സി |
| അപർണ പി | കൈറ്റ് മെന്റർ |
| ജ്യോതിലക്ഷ്മി പി | കൈറ്റ് മെന്റർ |
| ഗൗരി രാജീവ് | ലിറ്റിൽ കൈറ്റ്സ് |
| രൂപ രാജേഷ് | ലിറ്റിൽ കൈറ്റ്സ് |

# ഉള്ളടക്കം


| | |
|---|---|
| ആമുഖം | 4 |
| അധ്യാപകരുടെ സന്ദേശം | 5 - 8 |
| ചിരി | 9 |
| ശാസ്ത്രമേളനാൾവഴിയിലൂടെ നാൾവഴിയിലൂടെ | 12 |
| തേടി നിന്നെ | 14 |
| മാന്തളിരിലെ 20 കമ്മ്യൂണിസ്റ്റ് വർഷങ്ങൾ | 16 - 18 |
| സ്പോർട്സ് | 19 |
| കലകളിലൂടെ | 21 |
| ക്ലബ്ബ് പ്രവർത്തനങ്ങൾ | 22 - 35 |



**ദിലീപ് കുമാർ**
**ഹെഡ്മാസ്റ്റർ,**
**നാഷണൽ ഹൈ സ്കൂൾ,**
**വള്ളംകുളം**

നമ്മുടെ സ്കൂളിന്റെ ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്ന ഈ അവസരത്തിൽ എല്ലാവർക്കും ഹൃദയം നിറഞ്ഞ ആശംസകളും അഭിനന്ദനങ്ങളും നേരുന്നു

ഡിജിറ്റൽ കാലത്തിന്റെ വേഗതയെ പിന്തുടർന്ന് വിദ്യാർത്ഥികൾ കൈവരിച്ച സാങ്കേതിക വൈദഗ്ദ്ധ്യം ഭാഷാപാടവം തുടങ്ങിയവയെല്ലാം ഇവിടെ പ്രതിഫലിക്കുമ്പോൾ അത് നമ്മുടെ സ്കൂളിന്റെ വളർച്ചയുടെ കഥകൂടിയാണ് പഠനമുറിക്ക് പുറത്തുള്ള കുട്ടികളുടെ ചിന്തകൾ പുതിയ ആശയങ്ങൾ എന്നിവ സ്വതന്ത്രമായി വിരിയാനും മറ്റും സഹായിക്കുന്ന ഒരിടമായി ഇത് മാറട്ടെ എന്ന് ആശംസിക്കുന്നു

ഡിജിറ്റൽ മാഗസിൻ ഒരുക്കുന്നതിന് പിന്നിൽ പ്രവർത്തിച്ച എല്ലാ കുട്ടികളെയും അധ്യാപകരെയും അഭിനന്ദിക്കുന്നു

സ്നേഹപൂർവ്വം
ദിലീപ് കുമാർ
പ്രഥമാദ്ധ്യാപകൻ

# അധ്യാപകരുടെ സന്ദേശം

കുട്ടികളിൽ ഒളിഞ്ഞിരിക്കുന്ന കഴിവുകളെ കണ്ടെത്തുക എന്ന പഠന ലക്ഷ്യത്തിന്റെ പൂർത്തീകരണമാണ് ഈ ഡിജിറ്റൽ മാഗസിൻ നിങ്ങളുടെ ഭാവനയുടെയും ചിന്തകളുടെയും നിറങ്ങൾ ഇതിൽ നിറഞ്ഞു നിൽക്കുന്നു ഇന്ന് ലോകം മാറിക്കൊണ്ടിരിക്കുകയാണ് അറിവുകൾ ഡിജിറ്റലായി നിങ്ങളുടെ വിരൽത്തുമ്പിൽ എത്തുന്നു ഈ മാഗസിൻ ആ മാറ്റത്തിനൊപ്പം നിങ്ങളുടെ യാത്രയുടെ ഒരു നേർചിത്രമാണ് ഈ സംരംഭത്തിന് പിന്നിൽ പ്രവർത്തിച്ച എല്ലാ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും അഭിനന്ദനങ്ങൾ പുതിയ അറിവുകൾ നേടാനും ലോകത്തിന് നല്ല സന്ദേശങ്ങൾ നൽകാനും നിങ്ങൾക്ക് കഴിയട്ടെ എന്ന് ഞാൻ ആശംസിക്കുന്നു

കെ ജ്യോതി ലക്ഷ്മി (സീനിയർ അസിസ്റ്റന്റ് )



ലിറ്റിൽ കൈറ്റ്സ്
കൂട്ടായ്മയുടെ നേതൃത്വത്തിൽ
തയ്യാറാക്കിയ ഈ ഡിജിറ്റൽ മാഗസിൻ
മഹത്തായനേട്ടമാണ്.സാങ്കേതിക
വിദ്യയുടെ അനന്ത സാധ്യതകൾ
ഉപയോഗിച്ച് നിങ്ങളുടെ സർഗാത്മകമായ
ആശയങ്ങളും കഴിവുകളും
അക്ഷരങ്ങളിലൂടെയും ചിത്രങ്ങളിലൂടെയും
പ്രതിഫലിച്ചു കാണുന്നതിൽ അതിയായ
സന്തോഷവും അഭിമാനവും ഉണ്ട്. ഈ
സംരംഭത്തിന് പിന്നിൽ പ്രവർത്തിച്ച
കൈമാസ്റ്റർമാരെയും അഭിനന്ദിക്കുന്ന
തോടൊപ്പം നിങ്ങളുടെ ഈ സർഗാത്മകത
യാത്രയ്ക്ക് ഹൃദയം നിറഞ്ഞ ആശംസകൾ
അറിയിക്കുന്നു.

ശ്രീജ പി
എസ് ഐ റ്റി സി



ക്ലാസ്സ്മുറികളെ
ഡിജിറ്റൽ ലോകവുമായി
ബന്ധിപ്പിക്കുന്ന വള്ളുകുളംനാഷണൽ
ഹൈസ്കൂൾ കൈറ്റ് ടീമിൻ്റെ ദൗത്യത്തിന്
കരുത്തേകുന്ന ഈ പ്രസിദ്ധീകരണത്തിന്
എല്ലാ പിന്തുണയും നേരുന്നു. ഇന്നത്തെ
കുട്ടികളാണ് നാളത്തെ ലോകം
പടുത്തുയർത്തുന്നത് അവരുടെ ചിന്തകളെയും
സർഗ്ഗാത്മകതയെയും പ്രോത്സാഹിപ്പിക്കുന്ന ഈ
സംരംഭത്തിന് എൻ്റെ ഹൃദയം നിറഞ്ഞ
ആശംസകൾ

രമേശ് ബാബു

സ്റ്റാഫ് സെക്രട്ടറി



വരകളെയും
അക്ഷരങ്ങളെയും നിറങ്ങളിൽ ചാലിച്ച് നിങ്ങൾ മെനഞ്ഞെടുത്തത് നിങ്ങളുടെ സ്വപ്നത്തിൻ്റെ ചിറകുകളായിരുന്നു. വളരെ ലാഘവത്തോടെയും ഏറെ കൗതുകത്തോടെയും ചിലപ്പോൾ ഗൗരവത്തോടെയും പലഭാവങ്ങൾ നിങ്ങളിൽ നിറയുന്നത് ഞാനും ആകാംക്ഷയോടെ നോക്കി നിന്നു. നിങ്ങളുടെ കൂട്ടായ്മയുടെയും സർഗ്ഗാത്മകതയുടെയും പ്രായോഗിക ചിന്തകളുടെയും ഒക്കെ പ്രതിഫലനം ഈ മാഗസിൻ്റെ ഓരോ താളുകളിലും സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. ഇതിലൂടെ അറിവിൻ്റെയും ക്രിയാത്മകതയുടെയും അനന്തസാധ്യതകൾ നിങ്ങൾക്കു മുമ്പിൽ തുറക്കപ്പെടുകയാണ്. കഥകളിലൂടെയും കവിതകളിലൂടെയും ലേഖനങ്ങളിലൂടെയും നിങ്ങൾ വിളിച്ചു പറഞ്ഞത് സങ്കേതികവിദ്യയിലെ കാവ്യാത്മകതയെപ്പറ്റിയാണ്, നിങ്ങളുടെ നിലപാടുകളെപ്പറ്റിയാണ്. നിങ്ങളുടെ ഒത്തൊരുമയുടെയും പ്രതീക്ഷകളുടെയും നെറുകയിൽ ചാർത്തിയ തിലകക്കുറിയാണ് ഈ........../ മാഗസിൻ. എല്ലാ ഭാവുകങ്ങളും നേരുന്നു.

ജ്യോതി ലക്ഷ്മി പി
കൈറ്റ് മെൻ്റർ



AI ,റോബോട്ടിക്സ് മുതലായ നൂതന സാങ്കേതിക വിദ്യകളിലൂടെ കുട്ടികളുടെ സർഗശേഷികൾ വികസിപ്പിക്കുന്ന പ്രവർത്തനങ്ങളാണ് ലിറ്റിൽ കൈറ്റ്സ് നടപ്പാക്കുന്നത്.ഇതിൻ്റെ ഭാഗമായി നാഷണൽ ഹൈസ്കൂൾ കൈറ്റ് അംഗങ്ങൾ തയാറാക്കുന്ന ഡിജിറ്റൽ മാഗസിന് ആശംസകൾ നേരുന്നു

ബിന്ദു പി നായർ

എസ് ആർ ജീ കൺവീനർ





ഗംഗമ്മ K
അദ്ധ്യാപിക

# ചിരി

അർത്ഥമറിയാതെചിരിക്കുന്നകാലം
ചിരിഒരുമലവെള്ളപ്പാച്ചിലായ്
കടന്നുവരുന്ന ബാലകൗമാരകാലങ്ങൾ
ചിരിയുടെ കുഞ്ഞലകളെ മാടിയൊതുക്കാതെ
മാലപടക്കംപോലെ പൊട്ടിച്ചിതറിയകാലം
തിരിച്ചുപോകാൻപറ്റാത്തൊരുമ്പുവർണ്ണകാലം
മായതെമനസ്സിലൊളിക്കുന്നകാലം
ചിന്തകളുടെ ഭാരമില്ലാത്തൊരുകാലം

കാണാചരടുകളിൽതീർത്തബന്ധനങ്ങളിൽ
ചിരിക്കാൻ മറന്നുപോയ കാലം,
സ്വപ്നങ്ങളുടെ
കാണാക്കിനാവുപോലാകുന്ന
ചിരികൾ
കണ്ടിട്ടും, അറിയാത്തചിരികൾ
വാൽസല്യത്തിന്റെചിതറിയചിരികൾ
വെന്തുരുകുന്നമനസ്സുകളുടെ ചിരികൾ
കരഞ്ഞുകൊണ്ടുള്ളചിരികൾ
ചിരിക്കാനായുള്ളചിരികൾ, കൃത്രിമചിരികൾ,
കൊലചിരികൾ

വേദനിക്കുമ്പോൾപൊട്ടിക്കരയാനും
സന്തോഷം വരുമ്പോൾ പൊട്ടിച്ചിരിക്കാനും കഴിയണം
പരാതിയും പരിഭവവുംഇല്ലാതെ മനസ്സുതുറന്നുചിരിക്കാൻ കഴിയണം
സ്നേഹത്തിന്റെ അവാച്യമായ സ്മൃതിയിൽഅലഞ്ഞുചിരിക്കണം
മൗനത്തിന്റെ ആഴങ്ങളിൽകോറിയിട്ട താളുകളിൽ
ആഴ്ന്നിറങ്ങി ചിരിക്കണം

ചിരിയുടേയും കരച്ചിലിന്റേയും സാമിശ്രമായ
ജീവിതത്തിൽബോധ്യക്കപ്പെടുത്തലിനായി
നാം ചിരിക്കണമെന്നില്ല .
സന്തോഷംവരുമ്പോൾമതിമറന്നുചിരിക്കുക
വിലകൊടുത്തു വാങ്ങാൻ കഴിയാത്ത
മനസ്സിൽനിന്നുള്ളചിരി
മറ്റുള്ളവർക്കായി.......



CLASS 10 (2023-2026)



CLASS 9(2024-2027)



# അദ്ധ്യാപകർ

# ശാസ്ത്രമേള നാൾ വഴിയിലൂടെ




...മേളയിൽ ഓവറോൾ ചാമ്പ്യൻഷിപ്...
...വള്ളംകുളം.



പുല്ലാട് ഉപജില്ല ശാസ്ത്രമേളയിൽ ഹൈസ്കൂൾ, യുപി വിഭാഗങ്ങളിൽ ഓവറോൾ നേടിയ വള്ളംകുളം നാഷനൽ ഹൈസ്കൂൾ.

...ല്ലാട് ഉപജില്ല സാമൂഹികശാസ്ത്രമേളയിൽ ഹൈസ്കൂൾ, യുപി വി...
...ങ്ങളിൽ ഓവറോൾ നേടിയ വള്ളംകുള...




ഹൈസ്കൂൾ വിഭാഗം: ഓം ശ്രീക...
ഓഫ് തിങ്സ്), അഭിരാം മനോജ്...
...), ആദിദേവ് (ഗണിത...






...ങ് മോഡൽ
(എച്ച്എസ്) എ
ഗ്രേഡ് നേടിയ
വള്ളംകുളം
നാഷണൽ ഹൈ
സ്കൂളിലെ
ശ്രീനന്ദ് എസ്.
നായരും അലൻ
സിബിയും തയ്യാ
റാക്കിയ റേഡിയോ
...ക്വൻസി ഐഡ...
...ഷൻ



രാകേന്ദ് ഗോപേഷ് (9E)




അദ്വൈത് J
(10 D)

# തേടി നിന്നെ

പ്രിയതമേ ഞാനിതാ നിൻ മൃദുവാം കാൽ
പതിഞ്ഞ മണ്ണിന്ന പുറകെ പോയിരുന്നു കാലം
കെട്ടിയ കള്ളിമുൾ വേലിയിൽ കുരുങ്ങി ഞാൻ
ഇപ്പുറം കാത്തിരിപ്പൂവിനെ തൊട്ട് തലോടിയ
കാറ്റിന് തഴുകാൻ മോഹമായി നിൻ കാതുകൾ
തേടി എന്റെ പൊൻ കുഴൽനാദം
അലഞ്ഞിടുന്നു പുള്ളിമാൻ തോറ്റുപോയി
ഹംസം കണ്ണുപൊത്തി പൂക്കൾ തലതാഴ്ത്തി
അഴകിന്റെ മധുരം നുകരാൻ ഞാനും
അടുത്തുപോയി മേഘം കണക്കിന് ഞാൻ
തേടി നിന്നെ നീയോ മഴയായി പെയ്തൊഴിഞ്ഞു
ദൂരെ ഞാൻ നിന്നെ  കണ്ടെങ്കിലുംവിരലുകൾ
എത്തി വലിഞ്ഞെങ്കിലും  തൊട്ടില്ല മിണ്ടിയില
ഗന്ധം അറിഞ്ഞില്ല എന്തിനീ വാശി സത്യമേ
പ്രണയം സുന്ദര ഗീതം കണക്കെ  മന്ദാരമേ












പ്രണവ് ദത്തൻ (9D)

# പുസ്തകാസ്വാദനം

## മാന്തളിരിലെ 20 കമ്മ്യൂണിസ്റ്റ് വർഷങ്ങൾ

ആനുകാലികമായി പ്രശസ്തിയാർജ്ജിച്ച എഴുത്തുകാരിലൊരാളാണ് ബെന്യാമിൻ. ഓർത്തഡോക്സ് സഭയിലെ ഭിന്നിപ്പും കമ്മ്യൂണിസ്റ്റ് പാർട്ടിയിലെപരിണാമങ്ങളുംഅത്ജനജീവിതത്തിലുണ്ടാക്കു ന്ന മാറ്റങ്ങളും നർമ്മത്തിന്റെ നിറം ചാലിച്ച് ഏറ്റവും മികച്ച രീതിയിൽ ഈ പുസ്തകത്തിൽ അവതരിപ്പിച്ചിരിക്കുന്നു.

ബെന്യാമിൻ എന്ന തൂലികാനാമത്തിൽ അറിയപ്പെടുന്ന ബെന്നി ഡാനിമേൽ എഴുതിയ പുസ്തകമൊണിത് വയലാർ അവാർഡ്, JCB പുരസ്കാരം, കേരള സാഹിത്യ അക്കാദമി എന്നീ പുരസ്കാരങ്ങൾ സമ്മാനിക്കപ്പെട്ടു. ഏതാണ്ട് 30 വർഷത്തോളം -പ്രവാസി ജീവിതം നയിച്ചു. ഒരുപാട് പുസ്തകങ്ങൾ വിദേശത്തുവച്ചാണ് ഇദ്ദേഹം എഴുതിയത്."മഞ്ഞവെയിൽ മരണങ്ങൾ "മുല്ലപ്പൂ നിറമുള്ള പകലുകൾ, 'ആട്യജീവിതം' എന്നിവ പ്രധാന കൃതികൾ ചെറുകഥാകൃത്തും നോവലിസ്റ്റുമായ ഇദ്ദേഹം ഈയടുത്ത കാലത്താണ് പ്രശസ്തിയാർമ്മിച്ചത് .

വയലാർ അവാർഡ് ലഭിച്ച 'മാന്തളിരിലെ 20 മ്യൂണിസ്റ്റ് വർഷങ്ങൾ' എന്ന പ്രശസ്തമായ ഈ കൃതി ' അക്കപ്പോരിന്റെ നസ്രാണി വർഷങ്ങൾ' എന്ന നോവലിന്റെ തുടർച്ചയായിട്ടാണ്

ഭാഷാപ്രയോഗങ്ങൾ ചേർത്ത് വളരെ മനോഹരമായി കഥയെ വളർത്തിക്കൊണ്ടുവരുകയാണ് കഥാകാരൻ. കമ്യൂണിസ്റ്റ് പാർട്ടിയിലെ പരിണാമങ്ങളും ഓർത്തഡോക് സ് സഭയിലെ അഭിപ്രായവ്യത്യാസങ്ങളും നോവലിൽ വ്യക്തമാക്കിയിരിക്കുന്നു. വിമോചന ദൈവശാസ്ത്ര പ്രസ്ഥാനം, കമ്യൂണിസ്റ്റ് പാർട്ടിയിലെ ഭിന്നിപ്പ്, മന്നം ഷുഗർമില്ലിന്റെ വളർച്ചയും തളർച്ചയും എന്നുതുടങ്ങിയ മാന്തളിർ ഗ്രാമത്തിനെ പ്രമേയമാക്കി നടന്ന എല്ലാ സംഭവങ്ങളും നോവലിലൂടെ പങ്കുവയ്ക്കുന്നു. മാന്തളിർ എന്ന ഗ്രാമമാണ് ഈ നോവലിലുടനീളം പശ്ചാത്തലമായി നിൽക്കുന്നത്. മാന്തളിർ എന്നൊരു ഗ്രാമം സർക്കാർ രേഖകളിലില്ല. 'മാന്ത്രത' എന്ന സ്ഥലപ്പേരാണ് അതിലുള്ളത്. പ്രധാന കഥാപാത്രമായ മാന്തളിർ കുഞ്ഞുഞ്ഞ് നോവലിന്റെ അവസാനം അദ്ധ്യാമിക തലത്തിലേക്ക് മാറുന്നു. ബെന്യാമിന്റെ ആത്മകഥാംശമെന്ന് വിശേഷിപ്പിക്കാവുന്ന നോവലാണിത് ബെന്യാമിൻ തന്നെ ഇതിലൊരു കഥാപാത്രമായി പ്രത്യക്ഷപ്പെടുന്നു. വയലാർ അവാർഡ് നേടിയതുകൊണ്ടുതന്നെ ഏറ്റവും ജനശ്രദ്ധയാർജ്ജിച്ച ഒരു നോവൽ തന്നെ.പതിനായിരക്കണക്കിന് കോപ്പികൾ വിറ്റ ഒരു പുസ്തകം ആണിത് ഈ നോവലിൽ എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ടത് ഒട്ടും പ്രതീക്ഷിക്കാതെ വന്ന ഒരു കഥാപാത്രം കടന്നുവരുന്ന സന്ദർഭമാണ് നാട്ടിലേക്ക് തിരിച്ചുവരാൻ ഇടയായ സംഭവം വിവരിക്കുന്ന ദിവസം കാവൽ നിൽക്കുന്നതിന്റെ ഇടയിൽ ഒരു ഭീകര വെടിവെപ്പിന് ശേഷം ഫീൽഡ് ചെക്കിങ്ങിനു പോയ വലിയ ചായ പിന്നെ ഈ നോവലിലെ തന്നെ വലിയൊരു വഴിത്തിരിവായി മാറി വെടിവെപ്പിന് ശേഷം കുഞ്ഞൂഞ്ഞ് കണ്ടത് ലോകത്തിൽ വച്ച് തന്നെ ഏറ്റവും വലിയ വിപ്ലവകാരിയായ ചെഗുവേര എന്ന രാഷ്ട്രീയ പ്രവർത്തകനെയായിരുന്നു ലോകത്തിന്റെ ഏതോ മൂലയിൽ ഇരുന്ന ലോകം മുഴുവൻ കീഴടക്കിയ ചെഗുവേര കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഏറ്റവും വലിയ പ്രതിഭാശാലിയായ ചെഗുവേര ഇതാ തന്റെ മുണ്ടപ്പാലത്തിൽ നിരായുധനായി നിൽക്കുന്നു ഏദൻ തോട്ടത്തിൽ പാപങ്ങൾക്ക് ശേഷം ദൈവത്തിനെ കണ്ട് ആദത്തിനെ പോലെ വ്യഗ്രത കണ്ടനായി നിൽക്കുകയാണ് കുഞ്ഞൂഞ്ഞ് എന്ന് നോവലിൽ പറയുന്നു ലോകത്തുള്ള

കമ്മ്യൂണിസ്റ്റുകാർക്ക് മുഴുവൻ മാതൃകയായായ ചെഗുവേരയ്ക്ക് അപ്പോൾ തന്നെ ഒരു ബിഗ് സല്യൂട്ട് കൊടുത്തു ആ കമ്മ്യൂണിസ്റ്റുകാരൻ ലോകം മുഴുവനും ഉള്ള എല്ലാ കമ്മ്യൂണിസ്റ്റുകാരെയും സഹോദരി സഹോദരന്മാരായ കാണുന്ന മനോഭാവം കഥയിലുടനീളം വ്യക്തമാണ് ഭാഷാപ്രയോഗങ്ങൾ കൊണ്ട് അലങ്കരിച്ചാണ് ഈ രംഗം കഥാകൃത്ത് അവതരിപ്പിച്ചിരിക്കുന്നത് ഭാവനാത്മകമായി കൂട്ടിച്ചേർത്ത ഈ ഭാഗം എന്നെ ഒരുപാട് ആകർഷിച്ചു അസാധാരണമായ ഭാഷയാണ് ഈ നോവലിൽ ഉടനീളം ബെന്യാമിൻ ഉപയോഗിച്ചിരിക്കുന്നത് ചെഗുവേരയുടെ ഭാഗത്തും മറ്റനേകം സന്ദർഭങ്ങളിലും അക്ഷര അക്ഷരങ്ങൾ കൊണ്ട് മണിമാളിക പണിയാൻ  ബെന്യാമിന കഴിഞ്ഞിട്ടുണ്ട് എനിക്ക് ഒത്തിരി ഇഷ്ടപ്പെട്ട നോവലാണ് ഇത്



ശിവാഞ്ജലി അർജ്ജുൻ
(10E)

# സ്പോർട്സ്



















അത്‌ലറ്റിക്

( സംസ്ഥാനതല

താരം)





ദേശാഭിമാനി

Sun, 10 August 2025

## റോൾബോൾ ചാമ്പ്യൻഷിപ്പ് നാഷണൽ ക്ലബ്ബിന് വിജയം



ജില്ലാ റോൾബോൾ ചാമ്പ്യൻഷിപ്പ് വിജയികൾ അസോസിയേഷൻ ഭാരവാഹികൾക്കൊപ്പം

**പത്തനംതിട്ട**

ഏഴാമത് ജില്ല റോൾ ബോൾ ചാമ്പ്യൻഷിപ്പ് വള്ളംകുളം നാഷണൽ ഹൈസ്കൂൾ നടന്നു. ജില്ലാ അസോസിയേഷൻ പ്രസിഡന്റ് തോമസ് ചാക്കോ ഉദ്ഘാടനം ചെയ്തു.

പരിപാടിയിൽ പത്തനംതിട്ട സ്പോർട്സ് കൗൺസിൽ ഒബ്സർവർ പ്രസന്നകുമാർ, റോൾ ബോൾ അസോസിയേഷൻ പത്തനംതിട്ട സെക്രട്ടറി കെ ദേവനാരായണൻ, നാഷണൽ ഹൈസ്കൂൾ പ്രഥമ അധ്യാപകൻ ദിലീപ്കുമാർ, കായികാധ്യാപകൻ ഗൗതം മുരളീധരൻ, ജില്ലാ റോൾ ബോൾ ഒഫീഷ്യൽ ജെജി ജോൺ എബ്രഹാം, ആര്യ കൃഷ്ണൻ എന്നിവർ സംസാരിച്ചു. വിവിധ ക്ലബുകൾ പങ്കെടുത്ത മത്സരത്തിൽ ജൂനിയർ വിഭാഗത്തിൽ നാഷണൽ റോൾ ബോൾ ക്ലബ് വിജയികളായി. നേതാജി റോൾ ക്ലബ് രണ്ടാം സ്ഥാനം നേടി. സബ്ജൂനിയർ വിഭാഗത്തിൽ ലെജൻഡ്സ് ഓഫ് റാന്നി ക്ലബ് ഒന്നാം സ്ഥാനവും പിടിഎ റോൾ ബോൾ ക്ലബ് രണ്ടാം സ്ഥാനവും നേടി.

# കലകളിലൂടെ



Vallamkulam
പത്തനംതിട്ട റവന്യൂ ജില്ല
കേരള സ്കൂൾ കലോത്സവം
HS പദ്യം ചൊല്ലൽ സംസ്കൃതം
1st
അർപ്പിത മധു
Congratulations
HS ഉപന്യാസം ഇംഗ്ലീഷ്
NATIONAL HIGHSCHOOL VALLAMKULAM
2PC1 PTA
കലോത്സവം;
വള്ളംകുളം നാഷണൽ ഹൈസ്കൂൾ ചാമ്പ്യൻമാർ
കുറിയന്നൂർ ▸ മാർത്തോമാ ഹൈസ്കൂളിൽ മൂന്നുദിവസങ്ങളിലായി നടന്ന പുല്ലാട് ഉപജില്ലാ സ്കൂൾ കലോത്സവത്തിൽ 333 പോയിന്റ് നേടി വള്ളംകുളം നാഷണൽ ഹൈസ്കൂൾ ഓവറോൾ ചാമ്പ്യന്മാരായി. 235 പോയിന്റോടെ ഇരവിപേരൂർ സെയ്ന്റ്
പത്തനംതിട്ട റവന്യൂ ജില്ലാ സംസ്കൃതോത്സവത്തിൽ UP, HS വിഭാഗങ്ങളിൽ ഒന്നാം സ്ഥാനം നേടിയ നാഷണൽ ഹൈസ്കൂൾ കുടുംബത്തിന് അഭിനന്ദനങ്ങൾ
പത്തനംതിട്ട റവന്യൂ ജില്ലാ കലോത്സവത്തിൽ UP ജനറൽ വിഭാഗം മൂന്നാം സ്ഥാനം നേടിയ നാഷണൽ ഹൈസ്കൂൾ കുടുംബത്തിന് അഭിനന്ദനങ്ങൾ
ജനറൽ വിഭാഗം
യുപി
പന്തളം എൻഎസ്എസ് ഇ പിഎസ്-53
കിടങ്ങന്നൂർ എസ്വിജിവി-
വള്ളംകുളം നാഷണൽ-38
ഹൈസ്കൂൾ
കിടങ്ങന്നൂർ എസ്വിജി വി-224
വള്ളംകുളം നാഷ
ൽ-161

# ക്ലബ് പ്രവർത്തനങ്ങൾ

# യോഗാ ദിനാചരണം

**നാഷണൽ ഹൈസ്കൂൾ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ ആഭിമുഖത്തിൽ 24-06-2025 ൽ അന്താരാഷ്ട്ര യോഗ ദിനാചരണം നടത്തി. സ്കൂൾ പ്രഥമ അധ്യാപകൻ ഉത്ഘാടനം ചെയ്തു. യോഗ ഗുരു മുരുകൻ ക്ലാസുകൾക്ക് നേതൃത്വം നൽകി.**



# ലഹരി വിരുദ്ധ ദിനം

അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനത്തിൽ ലഹരിക്കെതിരെ ദീപം തെളിയിച്ച് വള്ളംകുളം നാഷണൽ ഹൈസ്കൂൾ. 26-06-2025ൽ ലിറ്റിൽകൈറ്റ്സ് ക്ലബ്ബിന്റെ നേതൃത്വത്തിൽ നടന്ന ചടങ്ങിൽ സ്കൂൾ പ്രഥമ അധ്യാപകൻ ദിലീപ്കുമാർ ലഹരി വിരുദ്ധ സന്ദേശം നൽകി. ഒമ്പതാം ക്ലാസിലെ കൈറ്റ് മെമ്പേഴ്സ് ലഹരിക്കെതിരായ ബോധവൽക്കരണ ക്ലാസ്സെടുത്തു. ലഹരിക്കെതിരായ ദീപം തെളിയിച്ച് ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ ചുമതലയുള്ള അധ്യാപകരായ ജ്യോതിലക്ഷ്മി പി, അപർണ പി എന്നിവർക്ക് കൈമാറുകയും, ആ ദീപം കുട്ടികൾ ഏറ്റുവാങ്ങുകയും ചെയ്തു. ചടങ്ങിൽ കുട്ടികൾ ലഹരി വിരുദ്ധ പ്രതിജ്ഞയുമെടുത്തു.





# ചാന്ദ്രദിനവും/എപിജെ അബ്ദുൽ കലാം അനുസ്മരണവും ആചരിച്ചു

വള്ളംകുളം നാഷണൽ ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ നേതൃത്വത്തിൽ 21/07/2025 തിങ്കളാഴ്ച ചാന്ദ്രദിനവും, എപിജെ അബ്ദുൽ കലാം അനുസ്മരണവും നടന്നു. സ്കൂളിലെ ഒൻപതാം ക്ലാസ് ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ സ്വയം തയ്യാറാക്കിയ ചാന്ദ്രദിനത്തിന്റെ പ്രാധാന്യം ഉൾക്കൊള്ളുന്ന ഡോക്യുമെന്റേഷൻ സ്കൂളിലെ മറ്റു കുട്ടികൾക്ക് പരിചയപ്പെടുത്തി. അബ്ദുൽ കലാമിന്റെ മഹത് വചനങ്ങളുടെ പ്രദർശനവും നടത്തി. സ്കൂൾ പ്രഥമ അധ്യാപകൻ ദിലീപ് കുമാർ ഉദ്ഘാടനം ചെയ്തു യോഗത്തിൽ അധ്യാപകരായ കെ ജോതിലക്ഷ്മി, ആർ രമേഷ് ബാബു, കൈറ്റ് മാസ്റ്ററായ അപർണ്ണ എന്നിവർ പ്രസംഗിച്ചു.





# ഔഷധ തോട്ടം നിർമ്മിച്ചു.

**വള്ളംകുളം നാഷണൽ ഹൈസ്കൂളിൽ ലോക പരിസ്ഥിതി സംരക്ഷണ ദിനത്തിന്റെ ഭാഗമായി ഔഷധത്തോട്ടം നിർമ്മിച്ചു. സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ നേതൃത്വത്തിലാണ് 28-07-2025 ൽ ഔഷധത്തോട്ട നിർമ്മാണം ആരംഭിച്ചത്. സ്കൂളിലെ ലിറ്റിൽ കൈറ്റ് അംഗമായ പത്താം ക്ലാസ് വിദ്യാർത്ഥിനി മാലതി ഗോവിന്ദ് ആണ് സ്വന്തം വീട്ടിലുള്ള ഔഷധസസ്യങ്ങൾ സ്കൂളിൽ എത്തിച്ചത്. പ്രധാനാധ്യാപകൻ ദിലീപ് കുമാർ ആര്യവേപ്പിന്റെ തൈ സ്കൂൾ അങ്കണത്തിൽ നട്ട് ഉദ്ഘാടനം ചെയ്തു. കൈറ്റ് മാസ്റ്റർമാരായ ജ്യോതിലക്ഷ്മി, അപർണ എന്നിവർ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.അത് പരിപാലിക്കുന്നതിന് വേണ്ട നിർദേശങ്ങൾ കൈറ്റ് അംഗങ്ങൾക്ക് നൽകി .**



വള്ളംകുളം നാഷണൽ ഹൈസ്കൂളിൽ സംഘടിപ്പിച്ച ഔഷധത്തോട്ടം നിർമാണം ചടങ്ങിന്റെ ഉദ്ഘാടനം

## ഔഷധ തോട്ടം നിർമിച്ചു

തിരുവല്ല: വള്ളംകുളം നാഷണൽ ഹൈസ്കൂളിൽ ലോക പരിസ്ഥിതി സംരക്ഷണ ദിനത്തിന്റെ ഭാഗമായി ഔഷധത്തോട്ടം നിർമിച്ചു. സ്കൂളിലെ സന്നദ്ധ സംഘടനകൾ ആയ ലിറ്റിൽ കൈറ്റ്സും, എസ്പിസി, എൻസിസി, ജെആർസി, സ്കൗട്ട് & ഗൈഡ്സ് ഇവർ സംയുക്തമായാണ് സ്കൂളിൽ ഔഷധത്തോട്ട നിർമാണം ആരംഭിച്ചത്. പ്രധാനാദ്ധ്യാപകൻ ദിലീപ് കുമാർ ആര്യവേപ്പിന്റെ തൈ സ്കൂൾ അങ്കണത്തിൽ നട്ട് ഉദ്ഘാടനം ചെയ്തു. സ്കൂളിലെ പത്താം ക്ലാസ് വിദ്യാർത്ഥിനിയായ ലിറ്റിൽ കൈറ്റ്സ് അംഗമായ മാലതി ഗോവിന്ദ് സ്വന്തം വീട്ടിലെ ഔഷധ സസ്യ ഉദ്യാനത്തിൽ നിന്നുമാണ് ഔഷധ സസ്യങ്ങൾ സ്കൂളിൽ എത്തിച്ചത്. സന്നദ്ധ സംഘടനകളുടെ ചുമതലയുള്ള അദ്ധ്യാപകരായ ഗംഗമ്മ, പ്രിയ ആർ നായർ, ജ്യോതിലക്ഷ്മി, അപർണ,എന്നിവർ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കി.



# യുദ്ധവിരുദ്ധദിനാചരണം

വള്ളംകുളം നാഷണൽ ഹൈസ്കൂളിലെ ലിറ്റിൽസ് കൈറ്റ്സ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ 08-008-2025 ൽ യുദ്ധവിരുദ്ധ ദിനം ആചരിച്ചു. സ്കൂളിലെ ഒമ്പതാം ക്ലാസ്സ് കൈറ്റ് അംഗങ്ങളായ അബിയ, അനഘ, നിവേദ്യ എന്നിവർ ചേർന്ന് തയ്യാറാക്കിയ ഡോക്യുമെന്ററിയും, യുദ്ധവിരുദ്ധ സന്ദേശങ്ങളും സ്കൂളിലെ മുഴുവൻ കുട്ടികൾക്കായി പ്രദർശിപ്പിച്ചു. 1945ൽ നടന്ന രണ്ടാം ലോകമഹായുദ്ധത്തിൽ അമേരിക്ക ജപ്പാനെ കീഴടക്കിയത് അണുബോംബ് ആക്രമണത്തിലൂടെയാണെന്നും, അതിന്റെ ദൂഷ്യഫലങ്ങൾ ഇപ്പോഴും ആ ജനത അനുഭവിച്ചുകൊണ്ടിരിക്കുകയാണെന്നും കുട്ടികളിൽ ഞെട്ടൽ ഉണ്ടാക്കി. യുദ്ധം ഒരിക്കലും ലോക ജനതയ്ക്ക് മേന്മകൾ

സമ്മാനിക്കുന്നില്ല എന്നും, സമാധാനത്തിന്റെ പാത പിന്തുടരുന്നതാണ് എപ്പോഴും നല്ലത് എന്ന തിരിച്ചറിവ് സൃഷ്ടിക്കാൻ ഈ ഡോക്യുമെന്ററി ഉപകാരപ്രദമായി. യുദ്ധവും, സമാധാനവും മനുഷ്യമനസ്സുകളിലാണ് ഉടലെടുക്കുന്നതെന്നും, സമാധാനത്തിന്റെ പാതയിലൂടെ എല്ലാവരെയും സ്നേഹിക്കാൻ പഠിക്കാം എന്ന തീരുമാനത്തിലേക്ക് അവർ എത്തുന്നു. സ്കൂൾ പ്രഥമ അധ്യാപകൻ ദിലീപ് കുമാർ ഉദ്ഘാടനം ചെയ്ത പ്രദർശനത്തിന് കൈറ്റ് മാസ്റ്റേഴ്സ് ആയ ജ്യോതിലക്ഷ്മി അപർണ്ണ, മുൻ കൈറ്റ് മാസ്റ്ററായ അപർണ എന്നിവർ നേതൃത്വം നൽകി.





# സ്കൂൾപാർലമെന്റ്ഇലക്ഷൻ

വള്ളംകുളം നാഷണൽ ഹൈസ്കൂളിൽ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ നേതൃത്വത്തിൽ 2025- 26 അധ്യയനവർഷത്തെ സ്കൂൾ പാർലമെന്റ് ഇലക്ഷൻ 14-08-2025 ൽ നടത്തി. സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളാണ് പോളിംഗ് ഉദ്യോഗസ്ഥരുടെ ജോലി നിർവഹിച്ചത്. ഇലക്ട്രോണിക് വോട്ടിംഗ് മെഷീന്റെ അതേ മാതൃകയിലുള്ള സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ് പൂർണ്ണമായും തെരഞ്ഞെടുപ്പ് നടന്നത്. സ്കൂൾ പ്രഥമ അധ്യാപകൻ ദിലീപ് കുമാർ, കൈറ്റ് മാസ്റ്റർമാരായ ജ്യോതിലക്ഷ്മി, അപർണ എന്നിവർ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

□□□□□

## □□□□□□□□□□□ഭിന്നശേഷി കുട്ടികൾക്കുള്ള പരിശീലനം

വള്ളംകുളം നാഷണൽ ഹൈസ്കൂളിലെ പത്താം ക്ലാസ്സ് ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ നേതൃത്വത്തിൽ സ്കൂളിലെ പ്രത്യേക പിന്തുണ അർഹിക്കുന്ന കുട്ടികൾക്ക് ആഴ്ച തോറും വിവരസാങ്കേതികവിദ്യയുടെ അടിസ്ഥാനപാഠങ്ങൾ പകർന്നു നൽകി വരുന്നു.



# ജില്ലാ ഐ ടി മേള

തിരുവല്ല എസ് സി എസ് ഹയർസെക്കൻഡറി സ്കൂളിൽ വച്ച് നടന്ന ജില്ലാ ഐ ടി മേളയിൽ പങ്കെടുത്ത 5 ഇനങ്ങളിലും കുട്ടികൾക്ക് മികവാർന്ന വിജയം കൈവരിക്കാൻ സാധിച്ചു

# സംസ്ഥാന പ്രതിഭ


പാലക്കാട് വെച്ച് നടന്ന സംസ്ഥാന ഐടി മേളയിൽ ഹൈസ്കൂൾ വിഭാഗം ഐ.ടി. ക്വിസ് മത്സരത്തിൽ ബി ആർവിൻ സി ഗ്രേഡ് നേടി.



# പഠനയാത്ര

വള്ളംകുളം നാഷണൽ ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തിരുവല്ല പാമലയിൽ പ്രവർത്തിക്കുന്ന കിൻഫ്ര വ്യവസായ പാർക്കിലേക്ക് 21-11-2025 ൽ പഠനയാത്ര നടത്തി. ഇലക്ട്രോണിക് വാഹനങ്ങളുടെ പ്രവർത്തനവും, ഘടനയും മനസ്സിലാക്കാനും, അസാപ്പിന്റെ കീഴിലുള്ള വിവിധ സ്കിൽ ഡെവലപ്മെന്റ് കോഴ്സുകളെ കുറിച്ച് അറിയാനും പഠിതാക്കൾക്ക് സാധിച്ചു. കൈറ്റ് മാസ്റ്റർമാരായ ജ്യോതിലക്ഷ്മി, അപർണ എന്നിവരുടെ നേതൃത്വത്തിലാണ് 9, 10 ക്ലാസുകളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ പഠനയാത്ര പോയത്.





# എൻ എച്ച് എസ്
# ന്യൂസ് ഡസ്ക് ആരംഭിച്ചു.

വള്ളംകുളം നാഷണൽ ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ പത്തനംതിട്ട റവന്യൂ ജില്ലാ കലോത്സവം റിപ്പോർട്ട് ചെയ്തു. ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിലെ പത്തോളം വിദ്യാർത്ഥികളും, കായിക അധ്യാപകനായ ഗൗതം മുരളീധരനും ചേർന്നാണ് റെക്കോർഡിങ്, എഡിറ്റിംഗ് ഉൾപ്പെടെയുള്ള എല്ലാ ജോലികളും പൂർത്തിയാക്കിയത്. കൈറ്റ് മാസ്റ്റർമാരായ ജ്യോതിലക്ഷ്മി, അപർണ എന്നിവരും, സ്കൂൾ പ്രഥമാധ്യാപകൻ ദിലീപ് കുമാറും പ്രവർത്തനങ്ങൾക്ക് വേണ്ട നിർദ്ദേശങ്ങളും, പിന്തുണയുമേകി.

# ഡിസംബർ 2 ലോക കമ്പ്യൂട്ടർ സാക്ഷരതാ ദിനാചരണം നടത്തി

**ഡിസംബർ 2 ലോക കമ്പ്യൂട്ടർ സാക്ഷരതാ ദിനത്തോടനുബന്ധിച്ച് ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ തൊട്ടടുത്തുള്ള എൽപി സ്കൂളിലെ കുട്ടികൾക്കും രക്ഷകർത്താക്കൾക്കും കമ്പ്യൂട്ടറിന്റെ ബാലപാഠങ്ങൾ പകർന്നു നൽകുകയുണ്ടായി.**



ഒരു ഡിജിറ്റൽ മാഗസിൻ നിങ്ങളിലൂടെ പിറവിയെടുത്തപ്പോൾ വായനയുടെ പുതിയ വാതായനങ്ങളാണ് ലോകത്തിനു മുമ്പിൽ തുറക്കപ്പെട്ടത്. നൂതന സാങ്കേതിക വിദ്യയുടെ സാധ്യതകൾ എത്ര കണ്ട് നിങ്ങൾ ഉൾക്കൊണ്ടു എന്നതിൻ്റെ തെളിവ്. നിങ്ങളുടെ കഠിനാധ്വാനത്തിൻ്റെയും സമർപ്പണത്തിൻ്റെയും ഒരുമയും, ഭാവനയുടെ വ്യത്യസ്തതയും ഇതിൻ്റെ ഓരോ താളിനെയും മനോഹരമാക്കുന്നു. അറിവിൻ്റെ വിഹായസ്സിലേക്കുള്ള ഒരു ചുവടുവയ്പ്പു മാത്രമാണിത്. കരുത്തോടെ മുന്നോട്ടു പോവാൻ പ്രചോദനമായ എല്ലാവരെയും നന്ദിയോടെ ഈ അവസരത്തിൽ സ്മരിക്കുന്നു.

ഈയൊരു കൂട്ടായ്മയിൽ പൂർണ്ണപിന്തുണയുമായി കൂടെ നിന്ന എല്ലാ ടീമംഗങ്ങളോടുമുള്ള നന്ദിയും സ്നേഹവും അറിയിക്കുന്നു. മാഗസിൻ തയ്യാറാക്കിയ പത്താം ക്ലാസ് വിദ്യാർത്ഥിനികളായ ഗൗരി രാജീവ്, രൂപ രാജേഷ് എന്നിവരെ നന്ദിയോടെ സ്മരിക്കുന്നു.



അപർണ പി
കൈറ്റ് മെൻ്റർ